പെൻഷൻ പദ്ധതിയിൽ ഏകദേശം 6 മാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിയിൽ ഏകദേശം മൂന്നുമാസത്തേയും കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്.

(തുക ലക്ഷത്തിൽ)

| | | | |
|---|---|---|---|
| 1. | വികലാംഗപെൻഷൻ | - | 6898.96 |
| 2. | അഗതി (വിധവ) പെൻഷൻ | - | 19776.96 |
| 3. | ദേശീയ വാർദ്ധക്യകാലപെൻഷൻ | - | 45005.47 |
| 4. | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | 1179.66 |

(ഡി) ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക പെൻഷൻ കൊടുത്തു തീർക്കുന്നതാണ്.

## സാമൂഹ്യക്ഷേമപെൻഷൻ - കുടിശ്ശിക

**314 (1688)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമപെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. വികലാംഗ പെൻഷന് ഏകദേശം മൂന്നുമാസത്തേയും വിധവാ പെൻഷന് ഏകദേശം നാലുമാസത്തേയും, ദേശീയ വാർദ്ധക്യകാല പെൻഷന് ഏകദേശം ആറുമാസത്തേയും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷന് ഏകദേശം 3 മാസത്തേയും കുടിശ്ശിക ഉണ്ട്.

(ബി) ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly